
ലോറി ബേക്കർ



Shweta Salunkhe

Nagesh Mone

ലോറി ബേക്കർ





डेक्कन एज्युकेशन सोसायटीचे

न्यू इंग्लिश स्कूल, टिळक रोड, पुणे ३०.



'अहम भारत' उपक्रमांतर्गत पुस्तिका®

Cadence Design Systems, Inc.


cādence®

ലോറി ബേക്കർ



"ഞാൻ ഒരിക്കലും ഒരു വിഭാഗത്തിലെ ആളുകൾക്കു വേണ്ടി നിർമ്മിക്കാറില്ല - ഉയർന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, അല്ലെങ്കിൽ കുറഞ്ഞ വരുമാനക്കാർ, ഗോത്ര വംശക്കാർ അല്ലെങ്കിൽ മീൻപിടുത്തക്കാർ. ഒരു മാത്യൂ, ഒരു ഭാസ്കരൻ, ഒരു മുനീർ അല്ലെങ്കിൽ ഒരു ശങ്കരൻ ഇവർക്ക് വേണ്ടി മാത്രമേ ഞാൻ നിർമ്മിക്കാറുള്ളൂ." - ലോറി ബേക്കർ


ലോറി ബേക്കർ





"ഇന്ത്യയിൽ വാസ്തുവിദ്യാ രംഗത്ത് പല ശ്രദ്ധേയമായ സൃഷ്ടികളും രൂപപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ വാസ്തു വിദ്യക്ക് അതിന്റേതായ അതിവിശിഷ്ട ശൈലിയാണുള്ളത്. ഒരുപക്ഷെ വാസ്തുവിദ്യാരംഗത്ത് ഇത്രയും വൈവിധ്യം വേറെ ഒരുരാജ്യത്തും കാണാൻ കഴിയില്ല. ഈ സമ്പന്നമായ പൈതൃകം നശിച്ചുപോകാതെ നാം കാത്തുസൂക്ഷിക്കണം എന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യൻ വാസ്തുവിദ്യാ ശൈലി ഉപയോഗിച്ച് നാം ഇനിയും ഒരുപാട് നിർമ്മാണങ്ങൾ നടത്തുകയും അങ്ങനെ മഹത്തായ ഈ പാരമ്പര്യം മുന്നോട്ടു കൊണ്ടുപോകുകയും വേണം."





ലോറി ബേക്കർ

1917 മാർച്ച് രണ്ടാം തിയതി ലോറെൻസ് വിൽഫ്രഡ് ബേക്കർ ഇംഗ്ലണ്ടിൽ ജനിച്ചു. ഇന്ന് നമുക്ക് അദ്ദേഹത്തെ ലോറി ബേക്കർ എന്നറിയാം. പാരമ്പര്യങ്ങൾ കർശനമായി പിന്തുടരുന്ന ഒരു കുടുംബത്തിലാണ് ലോറി ജനിച്ചത്. കുട്ടിക്കാലത്തുതന്നെ ലോറിക്ക് കെട്ടിടങ്ങളിൽ താൽപര്യമുണ്ടായിരുന്നു. പതിനേഴാം വയസ്സിൽ ലോറി തന്റെ സൈക്കിളിൽ യൂറോപ്പ് പര്യവേക്ഷണം ചെയ്യാൻ തീരുമാനിച്ചു. മനോഹരമായ നഗരങ്ങളും മികച്ച പ്രകൃതി ദൃശ്യങ്ങളും അദ്ദേഹത്തിനു ഈ യാത്രയിൽ കാണാൻ ഇടവന്നു. വ്യത്യസ്ത കെട്ടിട നിർമ്മാണ ശൈലികൾ വിവിധ രാജ്യങ്ങളിൽ അദ്ദേഹം കണ്ടു. യുവാവായ ലോറിയെ ഇത് വളരെയധികം സ്വാധീനിച്ചു. യൂറോപ്പ് പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ലോറി വാസ്തുവിദ്യ പഠിക്കാനും വാസ്തുവിദ്യാ രംഗത്ത് തൊഴിൽ ചെയ്യാനും തീരുമാനിച്ചു.





വിദ്യാഭ്യാസം

തന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, ലോറി ലണ്ടനിലെ ബർമിംഗ്ഹാം സ്ക്കൂൾ ഓഫ് ആർക്കിറ്റെക്ചറിൽ വാസ്തുവിദ്യ പഠിക്കാൻ പോയി. 1938-ൽ അദ്ദേഹം റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സിലെ ഒരു അസോസിയേറ്റായി. ഭാഗ്യവശാൽ, 1939-ൽ രണ്ടാം ലോക മഹായുദ്ധം പൊട്ടി പുറപ്പെട്ടതിനാൽ, അദ്ദേഹത്തിന് തന്റെ തൊഴിൽ കൂടുതൽ നാൾ അവിടെ അഭ്യസിക്കാൻ കഴിഞ്ഞില്ല.


"ഫ്രണ്ട്സ്" ആംബുലൻസ്

ലോറിയും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും രണ്ടാം ലോക മഹായുദ്ധകാലത്ത് എഫ്.എ.യു. (ഫ്രണ്ട്സ് ആംബുലൻസ് യൂണിറ്റ്) ൽ അംഗമായി. യുദ്ധത്തിൽ പരുക്ക് പറ്റുന്ന ഭടന്മാർക്ക് അനസ്തേഷ്യ നൽകാനും, ചെറിയ ശസ്ത്രക്രിയകൾ നടത്താനും, മുറിവുകൾ വെച്ചുകെട്ടാനും പിന്നെ കുത്തിവയ്പ്പുകൾ നൽകാനും ഈ സന്നദ്ധ സേവകരെ അവർ പരിശീലിപ്പിച്ചു.



ചൈന-ജപ്പാൻ യുദ്ധം

കുറച്ച് നാളുകൾക്ക് ശേഷം ചൈനയും ജപ്പാനും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. പരിക്കേറ്റ ഭടന്മാരെ പരിചരിക്കുന്നതിനുള്ള സഹായം തേടി ചൈനീസ് ഭരണകൂടം ഫ്രണ്ട്സ് ആംബുലൻസ് യൂണിറ്റിനെ സമീപിച്ചു. ലോറി ബേക്കർ ഈ ചികിത്സാ സംബന്ധിയായ സന്നദ്ധ സംഘത്തിൽ ചേർന്നു.





മഹാത്മാ ഗാന്ധിയുടെ സ്വാധീനം



കുറച്ചു കാലത്തേക്ക് ലോറി ബേക്കർ മ്യാന്മാറിലെ പരിക്കേറ്റ ഭടന്മാരെ സഹായിച്ചു. അദ്ദേഹം കുഷ്ഠരോഗികളെയും പരിപാലിച്ചു. ഈ സമയത്ത് തന്റെ ആരോഗ്യം അവഗണിച്ചുകൊണ്ട് അദ്ദേഹം വളരെ കഠിനമായി ജോലിചെയ്തു. അതുകാരണം അദ്ദേഹം രോഗാവസ്ഥയിലാവുകയും ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോകേണ്ടിവരികയും ചെയ്തു. തന്റെ മടക്കയാത്രയിൽ ഇംഗ്ലണ്ടിലേക്ക് പോകുന്ന അടുത്ത കപ്പലിനായി അദ്ദേഹം മൂന്ന് മാസം മുംബൈയിൽ കാത്തിരിക്കേണ്ടിവന്നു. ഈ കാലയളവിലാണ് അദ്ദേഹത്തിന് മഹാത്മാ ഗാന്ധിയെ കണ്ടുമുട്ടാനുള്ള അവസരം ലഭിച്ചത്. സ്നേഹത്തെയും അഹിംസയെയും പറ്റിയുള്ള ഗാന്ധിജിയുടെ സന്ദേശം ലോറി ബേക്കറിനെ വളരെയധികം സ്വാധീനിച്ചു.

ബേക്കർ ഇന്ത്യയിലേക്ക് മടങ്ങിവരണമെന്ന് ഗാന്ധിജി അഭ്യർത്ഥിച്ചു. ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിൽ താമസിക്കുന്ന ദശലക്ഷക്കണക്കിന് ആളുകൾക്കായി കുറഞ്ഞ ചെലവിലുള്ള വീടുകൾ രൂപകൽപ്പന ചെയ്യാൻ കഴിയുന്ന വാസ്തുശില്പികളെ ഇന്ത്യക്ക് ആവശ്യമുണ്ടെന്ന് ഗാന്ധിജി ബേക്കറിനോട് പറഞ്ഞു. നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ നിർമ്മാണ സ്ഥലത്തിന്റെ 5 മൈൽ പരിധിക്കുള്ളിൽ നിന്ന് പ്രാദേശികമായി കണ്ടെത്തണമെന്ന് ഗാന്ധിജി ആകസ്മികമായി പരാമർശിച്ചു.

ലോറി ബേക്കറിന്റെ വിവാഹം

കുഷ്ഠരോഗികൾക്ക് വേണ്ടിയുള്ള ആശുപത്രികൾ രൂപകൽപന ചെയ്യാൻ 1945 ൽ ലോറി ബേക്കർ ഇന്ത്യയിലേക്ക് തിരിച്ചുവന്നു. ഇന്ത്യയിൽ, അദ്ദേഹം തന്റെ സുഹൃത്തായ ഡോക്ടർ ചാണ്ടിയോടൊപ്പം താമസിച്ചു. അവിടെ അദ്ദേഹം ചാണ്ടിയുടെ സഹോദരിയായ ഡോ. എലിസബത്ത് ജേക്കബിനെ കണ്ടുമുട്ടി. വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും പരിശീലനം നേടിയ ഒരു ഡോക്ടറായിരുന്നു എലിസബത്ത്.

ബേക്കറും എലിസബത്തും ഒരുമിച്ച് പ്രവർത്തിക്കുകയും ഒരു കൊച്ചു ക്ലിനിക്കിനെ ഒരു ആശുപത്രിയായി പുനർനിർമ്മിക്കുകയും ചെയ്തു. എലിസബത്ത് ആ ആശുപത്രിയിൽ കുഷ്ഠരോഗികളെ ചികിത്സിച്ചു. ലോറിയുടെയും എലിസബത്തിന്റെയും ജീവിത ലക്ഷ്യങ്ങൾ ഏറെക്കുറെ സമാനമായിരുന്നു.

ഒരു ദിവസം ഇരുവരും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ലോറി എലിസബത്തിനോട് വിവാഹ അഭ്യർത്ഥന നടത്തി. എലിസബത്ത് കുറച്ച് കാലം ലോറിയോടൊപ്പം പ്രവർത്തിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ ആദർശവാദത്തെക്കുറിച്ചും സൗമ്യതയെക്കുറിച്ചും എലിസബത്തിന് അറിയാമായിരുന്നു. അതിനാൽ, എലിസബത്ത് ഉടൻ തന്നെ വിവാഹത്തിന് സമ്മതം നൽകി. 1948 - ൽ ഇരുവരും വിവാഹിതരായി.




ഹിമാലയത്തിലെ പതിനാറ് വർഷങ്ങൾ

വിവാഹം കഴിഞ്ഞയുടനെ ലോറി ബേക്കറും എലിസബത്തും ഹിമാലയത്തിലെ ചന്ദാഗ് എന്ന ചെറിയ ഗ്രാമത്തിലേക്ക് മാറി. യോഗ്യതയുള്ള ഒരു പുതിയ ഡോക്ടർ അവിടെയെത്തിയെന്ന് അറിഞ്ഞപ്പോൾ ധാരാളം ആളുകൾ വിദൂരത്തുനിന്നു ചികിത്സയ്ക്കായി അവിടെയെത്തി. തുടക്കത്തിൽ ഒരു ഉപേക്ഷിക്കപ്പെട്ട ചെറിയ ചായക്കടയിൽ അവരുടെ ക്ലിനിക് സ്ഥാപിച്ചു. പിന്നീട് അവർ ചേര എന്ന ഗ്രാമത്തിലേക്ക് മാറി. അവിടെ അവർ തങ്ങളുടെ വീടും ഒരു ചെറിയ ആശുപത്രിയും പണിതു.

ചിലപ്പോൾ ആളുകൾ ബേക്കറിനോട് ചോദിക്കുമായിരുന്നു "നിങ്ങൾ ഒരു വാസ്തുശില്പിയാണ്, ആശുപത്രിയിൽ നിങ്ങൾ എന്തുചെയ്യുന്നു?" അപ്പോൾ ബേക്കർ ചിരിച്ചുകൊണ്ട് മറുപടി പറയും "ഡോക്ടറായി എന്റെ ഭാര്യ മാത്രമേയുള്ളൂ, മറ്റ് സ്റ്റാഫുകൾക്ക് പകരമായി ഞാനുണ്ട് !"

ഉത്തർ പ്രദേശിലെ ഫൈസാബാദിൽ ഒരു കുഷ്ഠരോഗ ആശുപത്രി പണിയാനും ലോറി ബേക്കർ സഹായിച്ചു.






പ്രാദേശിക നിർമ്മാണ സാങ്കേതികവിദ്യ

ഇന്ത്യയിലുടനീളം സഞ്ചരിച്ച് ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ വൈവിധ്യം കണ്ടപ്പോൾ തന്റെ ബ്രിട്ടീഷ് വാസ്തുവിദ്യാ പരിശീലനം അധികം ഉപയോഗപ്രദമാകില്ല എന്ന് ലോറി ബേക്കറിന് ബോധ്യമായി. അതിനുശേഷം ബേക്കർ നാടൻ നിർമ്മാണ രീതികൾ പഠിക്കാൻ തുടങ്ങി. അദ്ദേഹം അവയെ കൂട്ടിയിണക്കുകയും തരം തിരിക്കുകയും ചെയ്തു. സാധാരണ കൽപണിക്കാരിൽ നിന്നും തൊഴിലാളികളിൽ നിന്നും ചെലവുകുറഞ്ഞ പ്രാദേശിക നിർമ്മാണ സാമഗ്രികളുടെ ഉപയോഗം ബേക്കർ പഠിച്ചു. ഒരു സാധാരണ ഇന്ത്യക്കാരനെപ്പോലെ അദ്ദേഹം ജീവിക്കുകയും ചെയ്തു.

ലോറി ബേക്കർ നിരവധി സ്കൂളുകളും, ആശുപത്രികളും, സാമൂഹിക സേവന സ്ഥാപനങ്ങളും രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങളിൽ ചിലത് അദ്ദേഹം സ്വന്തം പണം ഉപയോഗിച്ച് നടത്തി. ബേക്കർ നിർമ്മാണരംഗത്ത് കടന്നു വന്നത് ഇങ്ങനെയാണ്.



കേരളം

1963-ൽ കേരളത്തിലെ വിദൂര കുന്നുകളിൽ സ്ഥിതിചെയ്യുന്ന "വാഗമൺ" എന്ന ചെറിയ ആദിവാസി ഗ്രാമത്തിലേക്ക് ലോറി ബേക്കർ കുടുംബത്തോടൊപ്പം താമസം മാറ്റി. ആ പ്രദേശത്തെ കുഷ്ഠരോഗികൾക്കായി ബേക്കർ കുറച്ച് ആശുപത്രികൾ നിർമ്മിച്ചു. കുറച്ച് വർഷങ്ങൾക്ക് ശേഷം അവർ തിരുവനന്തപുരം സന്ദർശിക്കാൻ പോയി. കുഷ്ഠരോഗികൾക്കുള്ള അവരുടെ സേവനം അവർ അവിടെ തുടർന്നു. പിന്നീട് അവർ സ്ഥിരമായി തിരുവനന്തപുരത്ത് താമസമാക്കി.

ദ ഹാംലറ്റ്

ബേക്കറും കുടുംബവും തിരുവനന്തപുരത്ത് താമസമാക്കിയ ശേഷം സ്വന്തമായി ഒരു വീട് പണിയാൻ അര ഏക്കർ സ്ഥലം വാങ്ങി. മനോഹരമായ ഒരു താഴ്വരയെ ഉയരെനിന്നു നോക്കുന്ന ഒരു ചെറിയ കുന്നിൻ മുകളിൽ അവർ "ദ ഹാംലറ്റ് " നിർമ്മിച്ചു. വാസ്തുവിദ്യാപരമായ കാഴ്ചപാടിൽ നിന്ന് വീക്ഷിച്ചാൽ അവരുടെ വീട് ഒരു യഥാർത്ഥ മ്യൂസിയം ആയിരുന്നു.


ലോറി ബേക്കർ തന്റെ വീടിന്റെ ഓട് കൊണ്ടുള്ള ചരിഞ്ഞ മേൽക്കൂരകൾ, ഇഷ്ടിക കൊണ്ടുള്ള മറയ്ക്കപ്പെടാത്ത ചുവരുകൾ, ജാളികൾ, വാതിലുകൾ, ജനാലകൾ എന്നിവ പഴയ പൊളിച്ചുമാറ്റിയ പരമ്പരാഗത കെട്ടിടങ്ങളിൽ നിന്നും വീണ്ടെടുത്ത സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ചു. അതിനാൽ കേരളത്തിലെ മാറുന്ന വാസ്തുവിദ്യാ പ്രവണതകളെക്കുറിച്ച് ഒരു ഒറ്റനോട്ടത്തിലുള്ള കാഴ്ചയാണ് "ദ ഹാംലറ്റ് " നൽകുന്നത്.




ബേക്കറിന്റെ സംഭാവനകൾ

40 വർഷം നീണ്ടുനിന്ന സജീവമായ ജീവിതവൃത്തിയിൽ ബേക്കർ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചു. ഹിമാലയത്തിൽ അദ്ദേഹം ചെയ്ത ജോലിയെക്കുറിച്ച് വളരെ കുറച്ച് മാത്രമേ അറിയൂ. പക്ഷെ അദ്ദേഹം തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയ ശേഷം ഊർജ്ജസ്വലമായ വേഗതയിൽ കുറഞ്ഞ ചെലവിലുള്ള കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനും തുടങ്ങി.

തിരുവനന്തപുരത്ത് അദ്ദേഹം ആയിരക്കണക്കിന് സാധാരണക്കാർക്ക് വീടുകൾ പണിതു. അദ്ദേഹം പള്ളികളും, സ്ക്കൂളുകളും, സാമൂഹിക കെട്ടിടങ്ങളും പണിതു. ഇവയിലെല്ലാം അദ്ദേഹം കുറഞ്ഞ ചെലവിലുള്ള നിർമ്മാണ സാമഗ്രികളുടെയും പ്രാദേശിക നിർമ്മാണ രീതികളുടെയും ഉപയോഗത്തിന് തുടക്കമിട്ടു. ഈ രണ്ട് സവിശേഷതകൾ അദ്ദേഹത്തിന്റെ എല്ലാ നിർമ്മാണങ്ങളിലും സമൃദ്ധമായി കാണാൻ കഴിയും.





ലോറി ബേക്കറിന്റെ സ്വന്തം വാക്കുകളിൽ...

“ഞാൻ കണ്ടതിൽനിന്ന് എനിക്ക് തോന്നുന്നത് മിക്ക ആളുകളുടെയും ആവശ്യങ്ങൾക്കുള്ള പരിഹാരങ്ങൾ പ്രാദേശിക വാസ്തുവിദ്യയിലുണ്ട്. ഏത് ജില്ലയും സന്ദർശിക്കുക, നിങ്ങൾക്ക് കാണാൻ കഴിയും മുമ്പൊക്കെ മിക്ക ആളുകളും സ്വന്തം കൈകൊണ്ട് അവരുടെ വീടുകൾ നിർമ്മിച്ചിരുന്നു. എന്നാൽ പതുക്കെ ആളുകൾക്ക് ആ കഴിവുകൾ നഷ്ടപ്പെട്ടു. അതുകൊണ്ടാണ് അവർക്ക് വീട് നിർമ്മിക്കാൻ പുറത്തുനിന്നുള്ള സഹായം ആവശ്യമായി വരുന്നത്.”

“ഒരുപക്ഷേ ഗാന്ധി മാത്രമായിരുന്നു ദശലക്ഷക്കണക്കിന് ആളുകളുടെ ഭവന പ്രശ്നത്തെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച ഏക ഇന്ത്യൻ നേതാവ്. ‘ഗ്രാമങ്ങളിൽ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ നിർമ്മാണ സ്ഥലത്തിന്റെ 5 മൈൽ പരിധിക്കുള്ളിൽ നിന്ന് പ്രാദേശികമായി കണ്ടെത്തണം’ എന്ന ഗാന്ധിയുടെ പ്രസ്താവന എനിക്ക് ഇഷ്ടപ്പെട്ടു. ഈ വിപ്ലവകരമായ ആശയം എന്റെ പ്രവൃത്തികളെ ആഴത്തിൽ സ്വാധീനിച്ചു.”

“ഇന്ത്യ പോലുള്ള ഒരു ദരിദ്ര രാജ്യത്ത് പണമോ, ഊർജ്ജമോ, മറ്റേതെങ്കിലും വിലയേറിയ വസ്തുക്കളോ പാഴാക്കാൻ നമുക്ക് അവകാശമില്ല.”

“സഹ വാസ്തുവിദ്യാ വിദഗ്ധരിൽനിന്നും പഠിച്ചതിനെക്കാൾ കൂടുതൽ ഞാൻ കൽ പണിക്കാരിൽനിന്നും സാധാരണ നിർമ്മാണ തൊഴിലാളികളിൽനിന്നും പഠിച്ചു.”

“കുറഞ്ഞ ചെലവിലുള്ള വീടുകൾ ദരിദ്രർക്ക് മാത്രമാണ് അനുയോജ്യം എന്ന് ചിന്തിക്കുന്നത് തെറ്റാണ്. കുറഞ്ഞ ചെലവ് എന്നതുകൊണ്ടു കുറഞ്ഞ നിലവാരം എന്നോ കുറഞ്ഞ സൗകര്യങ്ങൾ എന്നോ അല്ല അർത്ഥമാക്കുന്നത്. നാം ദാരിദ്ര്യത്തെ സ്തുതിക്കുകയോ പുകഴ്ത്തുകയോ ചെയ്യരുത്.”

ലോറി ബേക്കർ

ടൈം ലൈൻ

ബേക്കർ ഇന്ത്യൻ വാസ്തുവിദ്യാമേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകി. വ്യക്തിഗത ജീവിതവും തൊഴിൽ ജീവിതവും ഒരുമിച്ച് നല്ലരീതിയിൽ അദ്ദേഹത്തിന് കൊണ്ടുപോകാൻ സാധിച്ചു. ഉയർന്ന നിലവാരമുള്ള വിദഗ്ധമായ നിർമ്മാണത്തിന് ഇത് അദ്ദേഹത്തിനെ പ്രാപ്തനാക്കി. അദ്ദേഹത്തിന്റെ ആദർശങ്ങൾ, പ്രവൃത്തികൾ, അത്ഭുതകരമായ വ്യക്തിഗത ഗുണങ്ങൾ അനേകർക്ക് പ്രചോദനമായി. ലോറി ബേക്കറിന്റെ പ്രവൃത്തികളും ജീവിതവും അനുകരിക്കാനുള്ളൊരു മാതൃകയാണ്. ഇന്നത്തെ "ആഗോളതാപനവും" "ലോ കാർബൺ-ഫുട്പ്രിന്റ് വീടുകളും" അദ്ദേഹത്തിന്റെ സംഭാവനകളെ കൂടുതൽ പ്രസക്തമാക്കുന്നു.



1917: ജനനം

1938: റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സിലെ ഒരു അസോസിയേറ്റായി

1981: റോയൽ യൂണിവേഴ്സിറ്റി ഓഫ് നെതർലാൻഡ്സ് ഡി.ലിറ്റ്. (ഡോക്ടറേറ്റ്) പദവി നൽകി ആദരിച്ചു

1987: നാഷണൽ ഹൗസിങ് ബോർഡിന്റെ പ്രഥമ പുരസ്കാരം

1988: ഇന്ത്യൻ പൗരനായി

1990: ഇന്ത്യ ഗവണ്മെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു

1992: ഐക്യരാഷ്ട്ര സംഘടന ഹാബിറ്റാറ്റ് അവാർഡും ഹാബിറ്റാറ്റ് റോൾ ഓഫ് ഹോണറും നൽകി

1993: കുറഞ്ഞ ചെലവിലുള്ള ഭവന രൂപകല്പനകൾക്ക് സർ റോബർട്ട് മാത്യു പ്രൈസ് എന്ന പുരസ്കാരം നേടി

1994: പീപ്പിൾ ഓഫ് ദ ഇയർ പുരസ്കാരം നേടി

1995: യൂണിവേഴ്സിറ്റി ഓഫ് ലണ്ടൻ ഹോണററി ഡോക്ടറേറ്റ് നൽകി

1998: ശ്രീ വെങ്കടേശ്വര യൂണിവേഴ്സിറ്റി ഹോണററി ഡോക്ടറേറ്റ് നൽകി

2006: പ്രിറ്റ്സ്കർ ആർക്കിടെക്ച്ചർ പ്രൈസിന് നാമം നിർദ്ദേശിക്കപ്പെട്ടു

2007: 90-ആം വയസ്സിൽ മരണമടഞ്ഞു



ലോറി ബേക്കർ

“ഞാൻ ഇഷ്ടികകളെ നോക്കുമ്പോൾ അവ എന്നെ മനുഷ്യമുഖങ്ങളെ ഓർമ്മപ്പെടുത്തുന്നു. എല്ലാ ഇഷ്ടികകളും ഒരു ചൂളയിൽ ഒരേ കളിമണ്ണ് ചുട്ടാണ് നിർമ്മിക്കുന്നത്. എന്നാൽ ഓരോ ഇഷ്ടികയും മറ്റുള്ളവയിൽ നിന്ന് അൽപം വ്യത്യസ്തമാണ്. ഓരോ ഇഷ്ടികയ്ക്കും അല്പം വ്യത്യസ്തമായ ആകൃതിയുണ്ട്. ഓരോ ഇഷ്ടികയുടെയും പരുപരുപ്പും നിറവും അതുല്യമായതും മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തവുമാണ്.

അതുകൊണ്ടാണ് ഇഷ്ടിക ചുവരുകൾ പൂശുന്നതിനെ ഞാൻ വെറുക്കുന്നത്. പൂശുന്നത് കൃത്രിമവും പൂർണ്ണമായി പാഴും ആണ്. ഇഷ്ടിക ചുവരുകൾ പൂശുന്നതിലൂടെ നമ്മൾ ഓരോ ഇഷ്ടികയുടെയും വ്യക്തിത്വത്തെ നശിപ്പിക്കുന്നു ! ചെലവുക്കൂട്ടുന്നത് കൂടാതെ പൂശുന്നത് വീടിനെ വിരൂപമാക്കുകയും ചെയ്യുന്നു.”

- ലോറി



ലോറി ബേക്കർ

ലോറി ബേക്കർ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വാസ്തുശില്പികളിൽ ഒരാളായിരുന്നു. അദ്ദേഹം നിർമ്മാണ രംഗത്ത് കുറഞ്ഞ ചെലവിലുള്ള രീതികളുടെയും പ്രാദേശികമായി ലഭിക്കുന്ന സാമഗ്രികളുടെയും ഉപയോഗത്തിന് തുടക്കമിട്ടു. ഒരു സർക്കാർ അല്ലെങ്കിൽ സ്വകാര്യ കെട്ടിടം ആകട്ടെ, ഒരു ഓഫീസ് അല്ലെങ്കിൽ ആരുടെയെങ്കിലും സ്വകാര്യ വീട് ആകട്ടെ, കെട്ടിട നിർമ്മാണ ചെലവുകൾ ഏറെ താങ്ങാനാവുന്ന രീതിയിൽ കുറയ്ക്കാൻ അദ്ദേഹം എല്ലായ്പ്പോഴും ശ്രമിച്ചു. ഊർജ്ജ ഉപയോഗം കുറഞ്ഞ, പരിസ്ഥിതി സൗഹൃദമായ, നിർമ്മാണ ചെലവുകൾ ഏറെ താങ്ങാനാവുന്ന രീതിയെ ലോറി ബേക്കറിന്റെ രീതി എന്ന് വിളിക്കാം. 1917-ൽ ഇംഗ്ലണ്ടിലാണ് ലോറി ബേക്കർ ജനിച്ചത്. അദ്ദേഹം ഇന്ത്യയിൽ 2007-ൽ അന്തരിച്ചു. തൊണ്ണൂറ് വർഷം മുഴുവൻ അദ്ദേഹം ജീവിച്ചു. അദ്ദേഹം 50-ആം വയസ്സിൽ മാത്രമാണ് വാസ്തുവിദ്യാ രംഗത്ത് മുഴുവൻ സമയ പ്രവർത്തനം ആരംഭിച്ചത്. ബർമിംഗ്ഹാം സ്ക്കൂൾ ഓഫ് ആർക്കിറ്റെക്ചറിൽ അദ്ദേഹം വാസ്തുവിദ്യ പഠിച്ചു. രണ്ടാം ലോക മഹായുദ്ധ കാലത്ത് അദ്ദേഹം ഒരു ആംബുലൻസ് ജോലിക്കാരനായി ചൈനയിൽ സന്നദ്ധപ്രവർത്തനം നടത്തി. ചൈനയിൽ നിന്നും ഇംഗ്ലണ്ടിലേക്കുള്ള മടക്കയാത്രയിൽ കപ്പലിനായി അദ്ദേഹം കുറച്ച് മാസത്തേക്ക് മുംബൈയിൽ കാത്തിരിക്കേണ്ടിവന്നു. അപ്പോഴാണ് ബേക്കർ മഹാത്മാഗാന്ധിയെ കണ്ടുമുട്ടുന്നത്. പെട്ടെന്ന് ബേക്കറിന്റെ കൈകൊണ്ട് നിർമ്മിച്ച ചെരുപ്പ് ഗാന്ധിയുടെ ശ്രദ്ധയിൽപെട്ടു. ഗാന്ധി ബേക്കറിന്റെ കരകൗശലസാമർത്ഥ്യത്തെ അഭിനന്ദിച്ചു. അദ്ദേഹം ബേക്കറിനോട് പറഞ്ഞു, "ഞങ്ങൾക്ക് നിങ്ങളെപ്പോലെ ബുദ്ധിയും ദീർഘവീക്ഷണവും ഉള്ള ആളുകളെ ഇന്ത്യയിൽ ആവശ്യമുണ്ട്. വീടുകൾ നിർമ്മിക്കുമ്പോൾ നമ്മൾ പ്രാദേശിക സാമഗ്രികളും, രൂപകല്പനകളും, കഴിവുകളും പരീക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യണം. അതോടൊപ്പം കഴിയുന്നിടത്തോളം നിർമ്മാണത്തിനായി ഉപയോഗിക്കുന്ന എല്ലാ സാമഗ്രികളും നിർമ്മാണ സ്ഥലത്തിന്റെ 5 മൈൽ പരിധിക്കുള്ളിൽ നിന്ന് പ്രാദേശികമായി കണ്ടെത്തുകയും വേണം."

കുറച്ച് വർഷങ്ങൾക്ക് ശേഷം ലോറി ബേക്കർ ഇന്ത്യയിലേക്ക് മടങ്ങി. ഇന്ത്യയിൽ അദ്ദേഹം കുഷ്ഠരോഗികൾക്കായി ആശുപത്രികളും, കുറഞ്ഞ ചെലവിലുള്ള വീടുകളും, പൊതു കെട്ടിടങ്ങളും നിർമ്മിച്ചു. 1948 - ൽ അദ്ദേഹം ഡോ. എലിസബത്ത് ജേക്കബിനെ വിവാഹം കഴിച്ചു. വിവാഹശേഷം ദമ്പതികൾ പിത്തോരാഗറിലേക്ക് താമസം മാറ്റി. അവർ അവിടെ ഒരു ആശുപത്രി നടത്തി. അവിടത്തെ ഏക ഡോക്ടറായി എലിസബത്തും മറ്റ് സഹായികൾക്ക് പകരമായി ലോറിയും പ്രവർത്തിച്ചു. ലോറി ബേക്കർ രൂപകൽപ്പന ചെയ്ത ആദ്യത്തെ സ്ഥാപന കെട്ടിടം അമേരിക്കൻ വിദ്യാഭ്യാസ വിദഗ്ധൻ വെൽത്തി ഫിഷർ ലഖ്നൗവിൽ ആരംഭിച്ച "ലിറ്ററസി ഹൗസ്"ആയിരുന്നു. ലോറി ലഖ്നൗവിലെ "നൂർ മൻസിൽ" എന്ന ഒരു മാനസികരോഗ ആശുപത്രിയും രൂപകൽപ്പന ചെയ്തിട്ടുണ്ട്.



ബർമിംഗ്ഹാം സ്ക്കൂൾ ഓഫ് ആർക്കിറ്റെക്ചർ

ലോറി ബേക്കർ ഒരു ക്വേക്കർ ആയിരുന്നു. ക്വേക്കർ സഭാംഗങ്ങൾ എല്ലായ്പ്പോഴും മതപരമായ അസഹിഷ്ണുതയ്ക്കെതിരെ പോരാടുകയും മത തീവ്രവാദത്തെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. സുഖോപഭോഗനിഷേധത്തിലും സമാധാനത്തിലും അവർ വിശ്വസിച്ചു. ഒരർത്ഥത്തിൽ ക്വേക്കർ വിശ്വാസങ്ങൾ ഗാന്ധിയൻ ചിന്താഗതിക്ക് സമാനമായിരുന്നു. 1947-ൽ ക്വേക്കർമാർക്ക് സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു.

മിതവ്യയവും പണത്തിന് നല്ല മൂല്യം നേടാനും ബേക്കർ ജീവിതത്തിൽ നേരത്തെ തന്നെ പഠിച്ചു. കുട്ടിക്കാലത്ത് അടുത്തുള്ള ഒരു ബേക്കറിയിൽ നിന്ന് ബിസ്കറ്റ് വാങ്ങാൻ തന്റെ പോക്കറ്റ് മണി ചെലവഴിക്കുമായിരുന്നു. ഈ ചെലവാക്കുന്ന പണത്തിന് ഇതിന്റെ രണ്ട് മടങ്ങ് പൊട്ടിയ ബിസ്ക്കറ്റ് വാങ്ങാമെന്ന് അദ്ദേഹം താമസിയാതെ കണ്ടെത്തി. പൊട്ടാത്ത ബിസ്കറ്റിന്റെ അതെ രുചിയുമായിരുന്നു ! ഈ പാഠം അദ്ദേഹം ഒരിക്കലും മറന്നിട്ടില്ല.



1960-കളിൽ ബേക്കർ ഭാര്യയുടെ സ്വന്തം നാടായ കേരളത്തിലേക്ക് മടങ്ങി വരുകയും തിരുവനന്തപുരത്ത് താമസമാക്കുകയും ചെയ്തു. അദ്ദേഹം 50-ആം വയസ്സിൽ മാത്രമാണ് വാസ്തുവിദ്യാ രംഗത്ത് മുഴുവൻ സമയ പ്രവർത്തനം ആരംഭിച്ചത്. ബേക്കർ തന്റെ രൂപകല്പനാ-നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചത് ഒരു പരമ്പരാഗത ഇന്ത്യൻ വിദഗ്ധ ശില്പിയെപോലെ ആയിരുന്നു. അദ്ദേഹം ഒരിക്കലും ഒരു ഓഫീസ് വാടകയ്ക്കെടുക്കുകയോ ഒരു സഹായിയെ നിയമിക്കുകയോ ചെയ്തിട്ടില്ല. ഉപയോഗിച്ച കടലാസ്സുകളിലാണ് പലപ്പോഴും കെട്ടിടത്തിന്റെ പ്ലാൻ വരച്ചിരുന്നത്. നിർമ്മാണ സ്ഥലത്തുവച്ച് തന്നെ അദ്ദേഹം രൂപകൽപ്പനയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ പ്രോജക്ടുകൾ നടപ്പിലാക്കിയത് എഞ്ചിനീയർമാരല്ല, മറിച്ച് അദ്ദേഹം നേരിട്ട് പരിശീലിപ്പിച്ച ശില്പികളുടെ സംഘങ്ങൾ ആയിരുന്നു. ഇടനിലക്കാരില്ലാത്ത നേരിട്ടുള്ള സമീപനം ചെലവുകൾ വളരെയധികം കുറയ്ക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അദ്ദേഹത്തിന് പരിസ്ഥിതിയോട് വളരെയധികം സൂക്ഷ്മബോധമുണ്ടായിരുന്നു. ഊർജ്ജം അധികമായി ഉപയോഗിക്കുന്ന സ്റ്റീലും സിമെന്റും അദ്ദേഹം അപൂർവ്വമായി മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. അദ്ദേഹം എപ്പോഴും വിട്ടുപോകാതെ ചൂണ്ടികാണിക്കുമായിരുന്നു "സിമെന്റിന് എന്നെക്കാൾ പ്രായം കുറവാണ്, അതേസമയം പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച പരമ്പരാഗത വീടുകളിൽ ആളുകൾ നൂറ്റാണ്ടുകളായി താമസിക്കുന്നു."



ബേക്കർ തന്റെ നിർമ്മാണ സൈറ്റുകൾ പതിവായി സന്ദർശിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം ഒരു കൽപണിക്കാരനോട് ദേഷ്യപ്പെടുകയും അവനെ വളരെയധികം ശകാരിക്കുകയും ചെയ്തു. വീട്ടിൽ തിരിച്ചെത്തിയ ബേക്കർ തനിക്ക് പറ്റിയ അബദ്ധം മനസ്സിലാക്കി. ഉടൻ തന്നെ അദ്ദേഹം ആ കൽപണിക്കാരനോട് ക്ഷമ ചോദിച്ചുകൊണ്ട് ഒരു കത്ത് എഴുതി.

"ഞങ്ങളുടെ മാതാപിതാക്കൾ ഞങ്ങളെ ഞായറാഴ്ചകളിൽ കളിക്കാൻ അനുവദിക്കുമായിരുന്നില്ല. എന്റെ ജ്യേഷ്ഠന് എന്നെക്കാൾ പത്ത് വയസ്സ് കൂടുതലായിരുന്നു. ഈ സ്വേച്ഛാധിപത്യ നിയമം അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അദ്ദേഹം നല്ല കുസൃതിക്കാരനുമായിരുന്നു ! നീന്താനും ടെന്നീസ് കളിക്കാനും അദ്ദേഹം നിശബ്ദമായി വീട്ടിൽ നിന്ന് പുറത്തുകടക്കുമായിരുന്നു !അദ്ദേഹത്തിന്റെ ധൈര്യം എനിക്ക് ഇഷ്ടപ്പെട്ടു. അദ്ദേഹം എന്റെ ആരാധ്യപുരുഷൻ ആയിരുന്നു ! നാം നല്ല കാര്യങ്ങൾ അനുകരിക്കുകയും, മണ്ടത്തരങ്ങളെ എതിർക്കുകയും ചെയ്യണം. എന്റെ ജ്യേഷ്ഠനിൽ നിന്നാണ് ഞാൻ ഈ പാഠം പഠിച്ചത്."


- ലോറി

സാധാരണ തൊഴിലാളികൾക്ക് മനസ്സിലാകത്തക്ക വിധം ബേക്കർ ലളിതമായ ചിത്രങ്ങളും കെട്ടിട പ്ലാനുകളും വരയ്ക്കുമായിരുന്നു. അദ്ദേഹം പലപ്പോഴും എൻവെലപ്പുകളുടെയും വിവാഹ കാർഡുകളുടെയും പുറകിൽ വരയ്ക്കുമായിരുന്നു. വർഷങ്ങളോളം കേരളത്തിൽ താമസിച്ചിട്ടും അദ്ദേഹം മലയാളത്തിൽ നിപുണനായിരുന്നില്ല. വെള്ളം, നാളെ, നിർമ്മാണ സാധനം, ഒന്ന്, രണ്ട് എന്നിങ്ങനെ മലയാളത്തിൽ അദ്ദേഹത്തിന് കുറച്ച് വാക്കുകൾ മാത്രമേ സംസാരിക്കാൻ കഴിഞ്ഞിരുന്നുള്ളു. പക്ഷേ അദ്ദേഹത്തിന് ഹിന്ദി നന്നായി അറിയാമായിരുന്നു. ഇന്ത്യൻ പൗരത്വത്തിനായുള്ള അദ്ദേഹത്തിന്റെ അപേക്ഷ വർഷങ്ങളോളം സർക്കാരിന്റെ പരിഗണനയിലായിരുന്നു. 1988-ൽ അദ്ദേഹത്തിന് ഇന്ത്യൻ പൗരത്വം ലഭിച്ചു. അതിനുമുമ്പ്, ഓരോ മൂന്നുമാസം കൂടുമ്പോഴും അദ്ദേഹം ലോക്കൽ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത് തന്റെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടിയിരുന്നു. ഊർജ്ജ കാര്യക്ഷമതയിലെ ആയിരക്കണക്കിന് വർഷത്തെ പരീക്ഷണങ്ങളെയും ഗവേഷണങ്ങളെയും പരമ്പരാഗത ഇന്ത്യൻ വാസ്തുവിദ്യ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്ന് ഹിമാലയത്തിലാണ് ബേക്കർ കണ്ടത്. ആളുകൾ അവരുടെ വീടുകളുടെ ഏതാണ്ട് നൂറുകണക്കിന് യാർഡിനുള്ളിൽ കണ്ടെത്തിയ പ്രാദേശിക കല്ലും തടിയും ഉപയോഗിച്ചിരുന്നു. ഇത് കണ്ടപ്പോൾ ഗാന്ധിയുടെ തത്വങ്ങളിലൊന്നിനെ ബേക്കർ ഓർത്തു - അതായത് എല്ലാ കെട്ടിടങ്ങളും നിർമ്മാണ സ്ഥലത്തിന്റെ 5 മൈലിനുള്ളിൽ നിന്ന് കണ്ടെത്തിയ വസ്തുക്കളാൽ നിർമ്മിക്കപ്പെടണം.

ആ തത്ത്വം പൂർണ്ണമായി പാലിക്കാൻ ബേക്കറിന് എല്ലായ്പ്പോഴും കഴിഞ്ഞില്ലെങ്കിലും, അത് ഏകദേശം പാലിച്ചിരുന്നു. ഊർജ്ജം അധികമായി ആവശ്യമുള്ള ഗ്ലാസ്സിന്റെയും സ്റ്റീലിന്റെയും ഉപയോഗത്തിനെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു. പക്ഷെ കാലിഡോസ്കോപ്പിക് ലൈറ്റ് ഇഫക്റ്റുകൾക്കായി ചുവരുകളിൽ നിറമുള്ള കുപ്പികൾ ഉൾപ്പെടുത്തുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നു. ഇഷ്ടികകളെ ഏറെ സ്നേഹിച്ച അദ്ദേഹം നിർമ്മാണത്തിൽ 25% ഇഷ്ടികകൾ ലാഭിക്കുന്നതിനും മതിലിന് മികച്ച ഇൻസുലേഷൻ ലഭിക്കുന്നതിനുമായി ഇഷ്ടികകളെ പലപ്പോഴും എലിപ്പത്തായത്തിന്റെ ആകൃതിയിൽ അടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടിക ജാളികൾ (മതിലിലെ ഓട്ടകൾ) പുറത്ത് നിന്ന് തണുത്ത വായുവിനെ അകത്തേക്ക് കൊണ്ടുവരുകയും മേൽക്കൂര വെന്റുകൾ ചൂടുള്ള വായുവിനെ പുറത്തേക്ക് തള്ളുകയും ചെയ്തിരുന്നു. ഇഷ്ടികകൾ ബന്ധിപ്പിക്കുന്നതിന് കുമ്മായക്കൂട്ട് ഉപയോഗിക്കുമായിരുന്നു. അദ്ദേഹം സ്ലാബുകളെ ശക്തിപ്പെടുത്തുന്നതിനായി സ്റ്റീലിന് പകരം അഞ്ചിലൊന്ന് ചെലവിൽ പിളർന്ന മുളകൾ ഉപയോഗിച്ചിരുന്നു.


ഗ്രാമപ്രദേശങ്ങളിൽ വലിയ നിർമ്മാണ യന്ത്രങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പ്രാദേശികമായി ലഭിക്കുന്ന കല്ല്, കളിമണ്ണ്, തടി എന്നിവ ഉപയോഗിച്ച് ആളുകൾ അവരുടെ വീട് കൈകൊണ്ട് നിർമ്മിച്ചു. പരിസ്ഥിതി സൗഹൃദവും സൗന്ദര്യാത്മകവുമായ ഗ്രാമീണ ഭവന നിർമ്മാണത്തിൽ ബേക്കറിന് വളരെ ആശ്ചര്യമുണ്ടായി.

"ഞാൻ ആരുടെ വീട് നിർമ്മിക്കുന്നുവോ അവരുടെ എല്ലാ വിശദാംശങ്ങളും ശേഖരിക്കും. അവർ എങ്ങനെ ഭക്ഷണം പാകം ചെയ്യും? അവർ എന്താണ് ഭക്ഷിക്കുന്നത്? അവർ ഒറ്റയ്ക്കാണോ അതോ കുടുംബമായിട്ടാണോ ഭക്ഷണം കഴിക്കുന്നത്? അവരുടെ കിടപ്പുമുറി എങ്ങനെയായിരിക്കും? ജോലി ചെയ്യാനും, തയ്ക്കാനും, വായിക്കാനും അവർക്ക് എന്ത് സൗകര്യങ്ങളുണ്ട്? അത്തരം ചെറിയ വിശദാംശങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഞാൻ പലപ്പോഴും ധാരാളം സമയം ചെലവഴിക്കും."
- ലോറി




ലോറി തന്റെ സ്കൂളിലെ ഏറ്റവും മിടുക്കനായിരുന്നില്ല. എന്നാൽ ചിത്രരചനയിലും രേഖാചിത്രത്തിലും അദ്ദേഹത്തിന് അതിയായ താൽപ്പര്യമുണ്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ശേഷം ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം കോളേജ് ഓഫ് ആർക്കിടെക്ചറിൽ പ്രവേശനത്തിന് അപേക്ഷിച്ചു. അദ്ദേഹത്തിന്റെ കലാസൃഷ്ടികളിൽ പ്രിൻസിപ്പളിന് വളരെയധികം മതിപ്പുണ്ടായി. അതിനാൽ അദ്ദേഹത്തിന് കോളേജിൽ പ്രവേശനം ലഭിച്ചു. കോളേജിൽ ലോറി മനോഹരമായ കല പഠിച്ചു. ശിൽപകല, കളിമണ്ണുകൊണ്ടുള്ള പണി, സെറാമിക്സ്, സംഗീതം എന്നിവയും അദ്ദേഹം പഠിച്ചു. ഇത് ബേക്കറിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് നല്ലൊരു അടിത്തറയിട്ടു.

ഭവന നിർമ്മാണത്തെക്കുറിച്ചുള്ള ഒരു സെമിനാറിനായി ലോറി ബേക്കറിനെ ഒരിക്കൽ ന്യൂഡൽഹിയിലേക്ക് ക്ഷണിച്ചിരുന്നു. "ദരിദ്രർക്കുള്ള ഭവന നിർമ്മാണം" എന്നതായിരുന്നു വിഷയം. പഞ്ച നക്ഷത്ര ഹോട്ടലിൽ സെമിനാർ നടക്കേണ്ടതായിരുന്നു. പങ്കെടുക്കാൻ കഴിയില്ലെന്ന് ബേക്കർ സൗമ്യമായി സൂചിപ്പിച്ചു. അദ്ദേഹത്തെ വിമാനത്തിൽ കൊണ്ടുപോകുന്നതിനും വിലകൂടിയ ഹോട്ടലിൽ പാർപ്പിക്കുന്നതിനുമുള്ള ചെലവ് ഒരു പാവപ്പെട്ട കുടുംബത്തിന് ഒരു വീട് നിർമ്മിക്കാൻ പര്യാപ്തമായിരുന്നു ! അദ്ദേഹം ഇത് സംഘാടകർക്ക് എഴുതി. യാത്ര ചെയ്യുന്നതിനുപകരം ബേക്കർ കെട്ടിട ചെലവ് എങ്ങനെ കുറയ്ക്കാം എന്നതിനെക്കുറിച്ച് ഒരു ചിത്രീകരിച്ച ഹാൻഡ്ബുക്ക് കൈകൊണ്ട് എഴുതി. ഈ പുസ്തകം പിന്നീട് "കോസ്റ്റ്ഫോർഡ്" പ്രസിദ്ധീകരിച്ചു.





ബേക്കർ പരമ്പരാഗത കെട്ടിടങ്ങളെ വിമർശനാത്മകമായി പഠിക്കുകയും ധാരാളം കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ഈ പരമ്പരാഗത നിർമ്മിതികളിൽ പലതും പരിസ്ഥിതി സൗഹൃദവും ഏറെക്കാലം നിലനിൽക്കുന്നതും ആയിരുന്നു. ഭാവി രൂപകല്പനകൾക്ക് അവ ബേക്കറിന് ഒരു പുതുവീക്ഷണം നൽകി. ബേക്കർ സുഖപ്രദമായ വീടുകൾ നിർമ്മിക്കാൻ ആയിരക്കണക്കിന് വർഷങ്ങളായി പരീക്ഷിക്കുന്നതും ഉപയോഗത്തിന് ആശ്രയിക്കാവുന്നതുമായ പരമ്പരാഗത സാമഗ്രികൾ, കഴിവുകൾ, രൂപകല്പനകൾ എന്നിവ ഉപയോഗപ്പെടുത്തി. 'ആർക്കിടെക്റ്റുകൾക്ക് വിട്ടുകൊടുക്കാൻ കഴിയാത്തവിധം പ്രാധാന്യമുള്ളതാണ് വാസ്തുവിദ്യ' എന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. "ഹൗ ടു റെഡ്യൂസ് ബിൽഡിംഗ് കോസ്റ്റ്സ് ?", "റബ്ബിഷ്", "മഡ്" എന്നിങ്ങനെ തലക്കെട്ടുകളുള്ള ഒരു ഡസൻ ഡു-ഇറ്റ്-യുവർസെൽഫ് (സ്വയം ചെയ്യുക) ലഘുലേഖകൾ സ്വന്തമായി പേനയും മഷിയും ഉപയോഗിച്ച് വരച്ച രേഖാചിത്രങ്ങൾകൊണ്ട് ചിത്രീകരിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (സി ഡി എസ്), തിരുവനന്തപുരം ബസ് സ്റ്റാൻഡിനടുത്ത് ഒരു ഒതുക്കമുള്ള ഇന്ത്യൻ കോഫി ഹൗസ് എന്നിവയാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കെട്ടിടങ്ങളിൽ രണ്ടെണ്ണം. തന്റെ കെട്ടിടങ്ങൾ കേരളത്തിലെ തെങ്ങിൻ പുതപ്പിന്റെ മുകളിൽ ഉയരാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല ! നർമ്മം നിറഞ്ഞ ബേക്കർ വളരെ പ്രയാസകരമായ സാഹചര്യങ്ങളിൽ പോലും പ്രശ്നങ്ങൾക്ക് സൂക്ഷ്മതയേറിയതും എളുപ്പവുമായ പരിഹാരങ്ങൾ കണ്ടെത്തിയിരുന്നു.

ഗുജറാത്ത്, യു പി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ ബേക്കർ നിർമ്മിച്ച കെട്ടിടങ്ങൾ അദ്ദേഹത്തിന്റെ കേരളത്തിലെ രൂപകൽപ്പനകളിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു. ഗുജറാത്തിലെ "ബേക്കർ സ്റ്റൈൽ" കേരളത്തിലെ "ബേക്കർ സ്റ്റൈലിൽ" നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.




"ഗ്രാമങ്ങളിലെ പാവപ്പെട്ടവർ സ്വന്തമായി വീടുകൾ നിർമ്മിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവരുടെ മനോഹരമായ വീടുകളിൽ പുതിയ വസ്തുക്കളുടെ ഉപയോഗം ഞാൻ കണ്ടു. കല്ല്, ചെളി, മുള, വൈക്കോൽ തുടങ്ങിയ ലളിതമായ വസ്തുക്കളിൽ നിന്ന് സൗന്ദര്യാത്മക ഭിത്തികൾ നിർമ്മിക്കാനുള്ള അവരുടെ കരകൗശലസാമർത്ഥ്യം എന്നെ അമ്പരപ്പിച്ചു !" - ലോറി





എലിപ്പത്തായത്തിന്റെ
ആകൃതിയിലെ "റാറ്റ്-ട്രാപ് ബോണ്ട് "



സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന
കാളവണ്ടി
(ലോറി ബേക്കറിന്റെ ഹാസ്യചിത്രം)

പല വിദഗ്ധരും ബേക്കറിന്റെ സമീപനത്തെ വളരെയധികം വിമർശിച്ചിരുന്നു. തന്റെ വിമർശകരെ നേരിടാൻ ലോറി ബേക്കർ ഒരിക്കലും സമയം പാഴാക്കിയില്ല. പകരം, സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ, സൗന്ദര്യാത്മകമായ മനോഹര വീടുകൾ നിർമ്മിക്കുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. നിരവധി ലേഖനങ്ങളിൽ സാമൂഹിക മാനദണ്ഡങ്ങളുടെ നിലവാരം കുറയുന്നതിനെ അദ്ദേഹം അപലപിച്ചിരുന്നു. വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള ബദൽ മാർഗ്ഗങ്ങളും അദ്ദേഹം കാണിച്ചുതന്നു.

ലോറി ഒരു വാസ്തുശില്പി മാത്രമല്ലായിരുന്നു. ജീവിതത്തെ പൂർണ്ണമായും ഉൾകൊണ്ട അദ്ദേഹം വിവിധ അവസരങ്ങളിൽ അനസ്തെറ്റിസ്റ്റ്, മിഷനറി, തോട്ടക്കാരൻ, പാചകക്കാരൻ, കൃഷിക്കാരൻ, മൃഗവൈദ്യൻ, ആംബുലൻസ് ഡ്രൈവർ, മരപ്പണിക്കാരൻ, കൽപ്പണിക്കാരൻ, കവി, ഹാസ്യചിത്രകാരൻ തുടങ്ങിയ വേഷങ്ങൾ അണിഞ്ഞു. ലളിതവും എന്നാൽ സംതൃപ്തവുമായ ജീവിതം എങ്ങനെ നയിക്കാമെന്ന് ബേക്കർ തന്റെ കാർട്ടൂണുകളിൽ ചിത്രീകരിച്ചിരുന്നു. ബേക്കർ സ്വയം കഠിനാധ്വാനം ചെയത് ആവേശമേറിയ ഒരു ജീവിതം നയിച്ചിരുന്നു. 1988-ൽ മാത്രമാണ് ബേക്കറിന് ഇന്ത്യൻ പൗരത്വം ലഭിച്ചതെങ്കിലും മഹാത്മാഗാന്ധിയെ കണ്ട നിമിഷം മുതൽ തന്നെ അദ്ദേഹം ഒരു ഇന്ത്യക്കാരനായി !


ബേക്കറിന് നിരവധി ഓണററി ഡോക്ടറേറ്റുകൾ നൽകപ്പെട്ടു. ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന് “ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എംപയർ”-ഉം എം ബി ഇയും നൽകി. ഐക്യരാഷ്ട്രസഭയുടെ ആദ്യത്തെ ഹാബിറ്റാറ്റ് അവാർഡ് അദ്ദേഹത്തിന് ലഭിച്ചു. 1990-ൽ അദ്ദേഹത്തിന് പത്മശ്രീ ലഭിച്ചു. എന്നാൽ 1988-ൽ ഇന്ത്യൻ പൗരനാകാൻ കഴിഞ്ഞതിലാണ് അദ്ദേഹം ഏറ്റവുമധികം സന്തുഷ്ടനായത്. എലിസബത്തും ബേക്കറും മൂന്ന് മക്കളെ ദത്തെടുത്തു - മകൻ തിലക്, പെൺമക്കളായ വിദ്യ, ഹെയ്ഡി. ബേക്കർ ഇന്ത്യയെ സ്നേഹിച്ചിരുന്നു.

90-ആം വയസ്സിൽ, 2007-ലെ ഏപ്രിൽ ഫൂൾസ് ദിനത്തിൽ ലോറി ബേക്കർ തന്റെ വീട്ടിൽ അന്തരിച്ചു. മരണത്തിൽ പോലും അദ്ദേഹം തന്റെ അധിക്ഷേപകരെ ഒന്ന് കളിപ്പിച്ചു.

നിങ്ങൾക്ക് പകുതി ഇഷ്ടിക ആവശ്യമുണ്ടോ?




പിന്നെ എന്തിനാണ്
നിങ്ങൾ ഒരു മുഴുവൻ
ഇഷ്ടികയെ
പൊട്ടിക്കുന്നത് ?




ഇത്
ചെയ്യുന്നതിലൂടെ
നിങ്ങൾ പണവും,
സമയവും,
ഊർജ്ജവും
പാഴാക്കുകയാണ്.

താഴേക്ക് നോക്കുക. അവിടെ നിന്ന് ഒരു പകുതി ഇഷ്ടിക എടുത്ത് ജോലി തുടരുക.





ഈ വീട് ഇഷ്ടികയും ചെളിയും കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഈ വീടിന് ഒന്നിലധികം നിലകളുണ്ട്. തെങ്ങുകളുടെ നിഴൽ വീടിനെ തണുപ്പിക്കുകയും ചെയ്യുന്നു.



ഈ വീട് ഇഷ്ടികയും ചെളിയും കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് മനോഹരമല്ലേ?

ഇന്ത്യയിൽ 20 ദശലക്ഷം ആളുകൾക്ക് സ്വന്തമായി ഒരു വീടില്ല. ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ ഇതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. വിലകുറഞ്ഞതും മനോഹരവുമായ വീടുകൾ നിർമ്മിക്കാൻ അവർ പ്രവർത്തിക്കണം, കാരണം ഇത് സാധാരണക്കാരുടെ ആവശ്യമാണ്. ഈ ആവശ്യം നിറവേറ്റാൻ കഴിയും, എന്നാൽ ഇതിനായി നമുക്ക് ഒരു വേറിട്ട കാഴ്ചപ്പാട് ആവശ്യമാണ്. നാം ഉപയോഗിച്ച ജലം പുനരുപയോഗിക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ പോലും നമ്മുടെ ജനങ്ങളിൽ വലിയൊരു വിഭാഗത്തിന് ലഭ്യമല്ല. ദരിദ്രരെ സഹായിക്കുന്നതിൽ നാം ഗൗരവമുള്ളവരാണെങ്കിൽ നമ്മുടെ ചിന്താഗതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അപ്പോൾ നാം സ്വീകരിക്കുന്ന പരിഹാരങ്ങൾ വളരെ വ്യത്യസ്തമായിരിക്കും !

ഇഷ്ടികകൊണ്ടൊരു മതിൽ നിർമ്മിച്ച ശേഷം നമ്മൾ സിമന്റ് ഉപയോഗിച്ച് അതിനെ പ്ലാസ്റ്റർ ചെയ്യുന്നു. മതിൽ ഇഷ്ടികകൊണ്ടാണ് നിർമ്മിച്ചതെന്ന് കാണിക്കാൻ നാം പ്ലാസ്റ്ററിൽ ഒരു ഇഷ്ടിക രൂപം പതിക്കുകയും ചതുരാകൃതിയിലുള്ള ഇഷ്ടികകൾ വരയ്ക്കുകയും ചെയ്യുന്നു ! അതിനേക്കാൾ വിഡ്ഢിത്തം മറ്റെന്താണ് ? നമ്മുക്ക് ഒരു ചിത്രം ഇഷ്ടമാണെങ്കിൽ നാം അത് ഒരു ചുവരിൽ തൂക്കിയിടുകയോ അല്ലെങ്കിൽ ശില്പം ഒരു പ്രത്യേക സ്ഥലത്ത് സ്ഥാപിക്കുകയോ ചെയ്യുന്നു. അതിനെ കണ്ട് ആസ്വദിക്കാൻ ആഗ്രഹിക്കുന്ന ആരും അതിന്റെ അടുത്തേക്ക് ചെല്ലണം. എന്നാൽ വീടുകൾക്കും കെട്ടിടങ്ങൾക്കും ഇതല്ല രീതി. നമ്മൾ പുറത്തു പോകുമ്പോഴെല്ലാം അതിനെ നോക്കുന്നു. സാധാരണക്കാർക്ക് കെട്ടിടങ്ങൾ കാണുമ്പോൾ തന്നെ സന്തോഷം തോന്നത്തക്ക വിധം ആകർഷകമായ മനോഹര കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുക എന്നതാണ് ഒരു ആർക്കിടെക്റ്റിന്റെ ചുമതല.



പല ഇന്ത്യൻ വീടുകളിലും ഞാൻ ജാളികൾ (മതിലിലെ ഓട്ടകൾ) കണ്ടു. ഇത് എന്റെ സ്വന്തം രൂപകല്പനകളിൽ സ്വാധീനം ചെലുത്തി. അവയെ എന്റെ സൃഷ്ടികളിൽ ഉൾപ്പെടുത്തി. ജാളികൾ കെട്ടിടങ്ങളെ മനോഹരമാക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്തു. ഇഷ്ടിക ജാളികൾ പുറത്ത് നിന്ന് തണുത്ത വായുവിനെ അകത്തേക്ക് കൊണ്ടുവരുകയും മേൽക്കൂര വെന്റുകൾ ചൂടുള്ള വായുവിനെ പുറത്തേക്ക് തള്ളുകയും ചെയ്യുന്നു. കടുത്ത വേനൽക്കാലത്ത്, ചിലപ്പോൾ ചൂടുള്ള കാറ്റ് അസുഖകരമായേക്കാം.
വാതിലുകൾക്കും ജനൽ ഫ്രെയിമുകൾക്കും മുകളിൽ ലിന്റലുകൾ (ജനൽപ്പടി / മേൽവാതിൽപ്പടി) നിർമ്മിക്കുന്നതിനുപകരം ഇഷ്ടികകൾകൊണ്ട് അർദ്ധ വൃത്താകൃതിയിലുള്ള ആർച്ചുകൾ (കമാനം) നിർമ്മിക്കുന്നത് വിലകുറഞ്ഞതും കൂടുതൽ ആകർഷകവുമാണ്. ആർച്ചുകൾക്ക് നല്ല ബലമുണ്ട് ! വാതിലുകളിലും ജനലുകളിലും ഫ്രെയിമുകളുടെ ഉപയോഗം ഞാൻ ഇഷ്ടപ്പെടുന്നില്ല. ഫ്രെയിമുകളില്ലാതെ ഞാൻ നിരവധി വീടുകൾ വിജയകരമായി നിർമ്മിച്ചിട്ടുണ്ട്.

ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളില്ല. പല വീടുകളിലും തറ, മേൽക്കൂര, വാതിലുകൾ, ജനാലകൾ എന്നിവയില്ല. പലപ്പോഴും രണ്ട് കുടുംബങ്ങൾ ഒരു വാസസ്ഥലം പങ്കിടാൻ നിർബന്ധിതരാകുന്നു. കുട്ടികൾക്ക് അവിടെ സമാധാനത്തോടെ പഠിക്കാൻ കഴിയുമോ? നമ്മൾ അംബരചുംബിയായ കെട്ടിടങ്ങൾ, മാളുകൾ, എയർകണ്ടീഷൻ ചെയ്ത സിനിമാ തിയേറ്ററുകൾ, നദികൾക്ക് കുറുകെയുള്ള വലിയ പാലങ്ങൾ എന്നിവ നിർമ്മിക്കുന്നു, പക്ഷേ പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നാം പൂർണ്ണമായും അവഗണിക്കുന്നു. നമ്മുടെ ചേരി നിവാസികളോട് പെരുമാറുന്ന രീതി നാം മാറ്റേണ്ടതുണ്ട്. ആളുകളുടെ വീടുകളും പരിസ്ഥിതിയും അവരുടെ ഉൽപാദന ശേഷിയുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.





ചില ഹിന്ദു സുഹൃത്തുക്കളെക്കുറിച്ചും മുസ്ലീം സുഹൃത്തുക്കളെക്കുറിച്ചും വായിച്ച് കഴിഞ്ഞപ്പോൾ അവർ യഥാർത്ഥ ക്രിസ്ത്യാനികളാണെന്ന് എനിക്ക് തോന്നി. അവർ എന്നെക്കാൾ മികച്ച ക്രിസ്ത്യാനികളാണെന്നു തോന്നുന്നു ! എന്റെ 80 വർഷത്തിനിടയിൽ ഹിംസ ആണ് ഏറ്റവും വെറുപ്പുളവാക്കുന്ന സ്വഭാവമായി ഞാൻ കണ്ടെത്തിയത്. മതം, രാജ്യം, ജാതി മുതലായവയുടെ പേരിലുള്ള അക്രമം സാധാരണക്കാർ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെയൊന്നും പരിഹരിക്കുന്നില്ല. മറുവശത്ത്, സ്നേഹത്തിനും സാഹോദര്യത്തിനും തീർച്ചയായും ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയും. മറ്റുള്ളവരോടുള്ള സ്നേഹം മാത്രമാണ് യഥാർത്ഥ മതം !

ലോറി ബേക്കർ തന്റെ ഇടപാടുകാരിൽനിന്ന് തുച്ഛമായ ഫീസെ ഈടാക്കിയിരുന്നുള്ളൂ. പലപ്പോഴും അദ്ദേഹത്തിന്റെ ഫീസ് ഒരു കല്പണിക്കാരന്റെ വേതനത്തിന് തുല്യമായിരുന്നു ! "ഞാൻ പലപ്പോഴും രണ്ട്-മൂന്ന് സൈറ്റുകളിൽ ഒരേസമയം ജോലി ചെയ്യാറുണ്ട്, അതിനാൽ എനിക്ക് കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള വരുമാനമുണ്ടാക്കാൻ പറ്റുന്നു ! ഞാൻ ജനിച്ച രാജ്യം ഇന്ത്യയെ കൊള്ളയടിച്ചു. അത് തിരിച്ചടയ്ക്കാൻ എനിക്ക് ബുദ്ധിമുട്ടാണ്. വാസ്തവത്തിൽ ഞാൻ ഒരു ഫീസും ഈടാക്കരുതായിരുന്നു, പക്ഷെ എനിക്ക് കുറച്ച് അത്യാഗ്രഹമുണ്ട് !"

നിർമ്മാണ സൈറ്റിന്റെ ഏറ്റവും ഉയർന്ന സ്ഥലം എവിടെയാണ്, ഏറ്റവും താഴ്ന്നത് എവിടെയാണ് ? അത്തരം വിശദാംശങ്ങൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. ചെറിയ കുറ്റിക്കാടുകളും മരങ്ങളും എവിടെയാണ് ? വളർത്തു മൃഗങ്ങളെ എവിടെ പാർപ്പിക്കും? കാറ്റിന്റെയും മഴയുടെയും ദിശ എങ്ങോട്ടാണ് ?

എന്റെ രൂപകൽപ്പനകളിൽ ഈ ഘടകങ്ങളെ ഞാൻ സംയോജിപ്പിക്കാറുണ്ട്. ഞാൻ രൂപകൽപ്പന ചെയ്യുന്ന വീടുകളിൽ താമസിക്കാൻ പോകുന്ന ആളുകളെക്കുറിച്ച് ഞാൻ എപ്പോഴും ചിന്തിക്കാറുണ്ട്.





1990-ൽ ലോറി ബേക്കറിന് ഇന്ത്യാ സർക്കാർ **പത്മശ്രീ** സമ്മാനിച്ചു.



6 Every building should be <u>UNIQUE</u>. No two people, or families etc are alike, so why should their houses all be the same?

10 <u>DONT ROB NATIONAL RESOURCES</u> & do not use them ~~extravagantly~~ or ~~unnecessarily~~.

11 Be <u>HONEST & TRUTHFUL</u> in design & material usage, construction, costs, & about your own mistakes!

12 <u>AVOID OPULANCE & 'SHOWING-OFF'</u>, and dont use currently fashionable gimmicks.

13 Get your <u>CONSCIENCE</u> out of deep-freeze & USE it. Let <u>ALL YOU DO</u> be honest & Truthful – not only yr buildings.

14 Look closely at <u>YOUR OWN PREJUDICES</u>. Question them and see if they are still justifiable!

15 <u>HAVE FAITH IN YOUR OWN CONVICTIONS</u> & have courage to stick to them — but respect those of other people.

16 Make <u>COST-EFFICIENCY</u> your <u>WAY OF LIFE</u> – not merely "Low Cost for the Poor". Practice what you preach.

20 TRIM your drawings, staff, equipment, travel & transport, paper, & expenses.

(MY FEELINGS ABOUT BEING AN ARCHITECT!) Laurie Baker

6.
ഓരോ കെട്ടിടവും അതുല്യമായിരിക്കണം. രണ്ട് ആളുകളോ കുടുംബങ്ങളോ ഒരുപോലെയല്ല, പിന്നെ എന്തുകൊണ്ട് അവരുടെ വീടുകളെല്ലാം ഒരുപോലെയിരിക്കണം?

10.
ദേശീയ വിഭവങ്ങൾ കവർന്നെടുക്കരുത്, അവയെ അമിതമായോ അനാവശ്യമായോ ഉപയോഗിക്കരുത്.

11.
രൂപകൽപന, സാമഗ്രികളുടെ ഉപയോഗം, നിർമ്മാണം, ചെലവുകൾ, നിങ്ങളുടെ സ്വന്തം തെറ്റുകൾ എന്നിവയിൽ സത്യസന്ധത പുലർത്തുക !

12.
ആഡംബരവും ആർഭാട പ്രദർശനവും ഒഴിവാക്കുക. പ്രസിദ്ധിയാർജ്ജിക്കുവാൻ പരിഷ്കൃതമായ തന്ത്രങ്ങൾ ഉപയോഗിക്കരുത്.

13.
മരവിച്ചാവസ്ഥയിൽ നിന്ന് നിങ്ങളുടെ മനസ്സാക്ഷിയെ പുറത്തെടുത്ത് ഉപയോഗിക്കുക. നിങ്ങൾ ചെയ്യുന്നതെല്ലാം സത്യസന്ധവുമായിരിക്കട്ടെ - നിങ്ങളുടെ കെട്ടിടങ്ങൾ മാത്രമല്ല.

14.
നിങ്ങളുടെ മുൻവിധികളെ സൂക്ഷ്മമായി പരിശോധിക്കുക. അവയെ ചോദ്യം ചെയ്ത് അവ ഇപ്പോഴും ന്യായമാണോയെന്ന് നോക്കുക.


15.
നിങ്ങളുടെ സ്വന്തം ബോധ്യങ്ങളിൽ വിശ്വസിക്കുകയും അവയിൽ ഉറച്ചുനിൽക്കാൻ ധൈര്യപ്പെടുകയും ചെയ്യുക - എന്നാൽ മറ്റുള്ളവരുടെ ബോധ്യങ്ങളെ ബഹുമാനിക്കുക

16.
“ദരിദ്രർക്ക് കുറഞ്ഞ ചെലവിൽ” എന്ന ആശയം കേവലം ദരിദ്രർക്ക് വേണ്ടി മാത്രമല്ല. കാര്യക്ഷമതയോടെ ചെലവാക്കുന്നത് നിങ്ങളുടെ ജീവിതരീതിയാക്കുക. പ്രസംഗിക്കുന്നത് പ്രാവർത്തികമാക്കുക.

20.
നിങ്ങളുടെ ഡ്രോയിംഗുകൾ, ജീവനക്കാർ, ഉപകരണങ്ങൾ, യാത്ര, പേപ്പർ, ചെലവുകൾ എന്നിവയെ വെട്ടിക്കുറയ്ക്കുക.

(ഒരു വാസ്തുശില്പി എന്ന നിലയിലുള്ള എന്റെ വികാരങ്ങൾ !) - ലോറി ബേക്കർ







डेक्कन एज्युकेशन सोसायटीचे
न्यू इंग्लिश स्कूल,
टिळक रोड, पुणे ३०.

'अहम भारत'
उपक्रमांतर्गत पुस्तिका

Cadence Design Systems, Inc.
cādence®

खाजगी वितरणासाठी